**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **05.06.2018 - ൽ മറുപടിക്ക്.**
**ചോദ്യം നമ്പർ : 649**

## കാസർഗോഡ് ജില്ലയിലെ വ്യവസായങ്ങൾ

ചോദ്യം
ശ്രീ. എൻ.എ.നെല്ലിക്കുന്ന്

മറുപടി
**ശ്രീ. എ. സി. മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

| | | |
|---|---|---|
| (എ) | കാസർഗോഡ് ജില്ല പിറന്നതിനു ശേഷം പൊതു-സ്വകാര്യ മേഖലകളിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) : പൊതു മേഖലയിൽ രണ്ടും സഹകരണ മേഖലയിൽ ഒന്നും സ്വകാര്യ മേഖലകളിൽ ഏകദേശം 4000 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഏത് സർക്കാരിന്റെ കാലത്താണ് ഈ സ്ഥാപനങ്ങൾ ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ ; | (ബി): ഭെൽ 2011 മാർച്ചിലും, എച്ച്.എ.എൽ 2012 നവംബറിലും പ്രവർത്തനം ആരംഭിച്ചു. ഉദുമ സ്പിന്നിങ് മിൽ 2011 നവംബറിൽ ഉദ്ഘാടനം ചെയ്തെങ്കിലും പ്രവർത്തനം തുടങ്ങിയില്ല. |
| (സി) | ഈ സ്ഥാപനങ്ങളെല്ലാം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്നും ഓരോ സ്ഥാപനത്തിലും എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കാമോ ; | (സി) : ഭെൽ-ൽ 163 പേരും, എച്ച്.എ.എൽ-ൽ 100 പേരും ജോലി ചെയ്യുന്നു. സ്വകാര്യ സംരംഭങ്ങളിൽ ഏകദേശം 12000-ത്തോളം പേർ തൊഴിൽ ചെയ്യുന്നുണ്ട്. |
| (ഡി) | ഏതെങ്കിലും സ്ഥാപനം പൂട്ടിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം എന്തായിരുന്നുവെന്നും അവിടെ ജോലി ചെയ്തിരുന്ന തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ ചെയ്ത കാര്യങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ; | (ഡി) : പ്രവർത്തന മൂലധനത്തിന്റെ അഭാവവും തൊഴിലാളികളെ തെരഞ്ഞെടുക്കുന്നതിൽ വന്ന തർക്കവും കോടതി കേസും, ജലം വൈദ്യുതി കണക്ഷൻ എന്നിവ വിച്ഛേദിച്ചതുമാണ് ഉദുമ സ്പിന്നിങ് മിൽ പ്രവർത്തനം നിന്നു പോകാൻ കാരണമായത്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളിൽ ഏതാനും സംരംഭങ്ങൾ വിവിധ കാരണങ്ങളാൽ പ്രവർത്തനം നിർത്തിയിട്ടുണ്ട്. |
| (ഇ) | പൂട്ടിയ സ്ഥാപനങ്ങളിൽ മറ്റേതെങ്കിലും വ്യവസായം തുടങ്ങാൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഇ) : ഇല്ല. |

സെക്ഷൻ ഓഫീസർ.